(ബി) പല പാലങ്ങൾക്കും പിരിച്ചെടുക്കേണ്ട തുകയിൽ കൂടുതൽ പിരിച്ചെടുത്തിട്ടും കരാറുകാർ ടോൾ പിരിവ് തുടരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരാറുകാർ പലപ്പോഴും വാഹനങ്ങളുടെ എണ്ണം കുറച്ചുകാണിച്ചും മറ്റും ടോൾ പിരിവിനുള്ള അടിസ്ഥാന തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങളെ അട്ടിമറിയ്ക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പാലങ്ങളിലെ ടോൾ പിരിവിന് പുനർ അനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനകൾക്ക് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച 13 പാലങ്ങളിൽനിന്നും കേന്ദ്ര സർക്കാർ നിർമ്മിച്ച 3 പാലങ്ങളിൽനിന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർമ്മിച്ച 18 പാലങ്ങളിൽനിന്നും നിലവിൽ ടോൾ പിരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടോൾ പിരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക നിശ്ചയിക്കുന്നത് ട്രാഫിക് സെൻസസിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനനുസരിച്ച് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചാണ് ടോൾ പിരിവിന് കരാർ നൽകുന്നത്.

(ഡി) പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

കുറ്റപ്പുഴ മേൽപ്പാലം

237 (5322) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവല്ല മുനിസിപ്പാലിറ്റിയിലെ കുറ്റപ്പുഴ മേൽപ്പാലം പുനർനിർമ്മിക്കുവാൻ റെയിൽവേയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണെന്നും ഏത് ഉത്തരവ് പ്രകാരമാണെന്നും ഏത് ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഉണ്ടോ എന്നും ഉന്നത ഉദ്യോഗസ്ഥരുടെയോ, സർക്കാരിന്റെയോ അംഗീകാരത്തോടെയാണോ അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയമേൽപാലം പണിയുന്നത് റയിൽവേ തയ്യാറാക്കിയ ഡിസൈൻ പ്രകാരമാണോ ;

(ഡി) പ്രസ്തുത ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടെയാണോ തയ്യാറാക്കിയത് ;

(ഇ) ഇത് സംബന്ധിച്ച് പൊതുമരാമത്ത് ഡിവിഷനിൽ എന്തെല്ലാം ഉത്തരവുകളും രേഖകളും സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പുതിയ മേൽപാലവും അപ്രോച്ച് റോഡും റോഡപകടങ്ങൾ ക്ഷണിക്കുന്നതരത്തിൽ അപായകരമായിട്ടാണ് രൂപകല്പന ചെയ്തിട്ടുള്ളത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന വ്യക്തമാക്കാമോ ;

(ജി) പുതിയ മേൽപാലവും അപ്രോച്ച് റോഡും സംബന്ധിച്ച് വ്യക്തത വരുത്തുന്നതുവരെ പഴയമേൽപാലം പൊളിച്ചുമാറ്റരുതെന്ന മുഖ്യമന്ത്രിയുടെ സ്നേ ഉത്തരവ് നിലവിലുണ്ടോ ; പുതുതായി നിർമ്മിച്ച മേൽപാലത്തിലേക്ക് മുത്തൂർ ഭാഗത്തുനിന്നുംവരുന്ന വാഹനങ്ങൾ പ്രവേശിക്കുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന്, പഴയ മേൽപാലം ഇരിക്കുന്ന സ്ഥലത്ത് പുതിയ ഒരുപാലംകൂടി പണിത് അപായ സാദ്ധ്യതകൾ ഇല്ലാതാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ&ബി) റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന്, റെയിൽവേയ്ക്ക് സംസ്ഥാന സർക്കാരിന്റെ. അനുമതി ആവശ്യമില്ല. റെയിൽവേ സമർപ്പിക്കുന്ന പ്രസ്തുത പാലങ്ങളുടെ പദ്ധതിരേഖ വകുപ്പ് അംഗീകരിച്ച് നൽകുന്നതാണ് രീതി. ഇതനുസരിച്ച് തിരുവല്ല മുനിസിപ്പാലിറ്റിയിലെ കുറ്റപ്പുഴ മേൽപ്പാല നിർമ്മാണത്തിന്റെ പദ്ധതിരേഖ അംഗീകരിച്ച് നൽകിയിട്ടുണ്ട്. റെയിൽവേ അധികൃതർ തയ്യാറാക്കി നൽകിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD)-ൽ അന്നത്തെ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പ് രേഖപ്പെടുത്തിനൽകിയിട്ടുണ്ട്. തീയതി രേഖപ്പെടുത്താതെയാണ് ഒപ്പ് വച്ചത്. ഒപ്പിട്ട് നൽകിയ ഉദ്യോഗസ്ഥൻ ഇപ്പോൾ സർവ്വീസിൽ ഇല്ല. ഉന്നത ഉദ്യോഗസ്ഥരുടെ അംഗീകാരം ഈ കാര്യത്തിൽ പതിവില്ലാത്തതിനാൽ വാങ്ങിയിട്ടില്ല.

(സി) അതെ.

(ഡി) റെയിൽവേ തയ്യാറാക്കിയ പദ്ധതിരേഖ വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡിവിഷനിൽ ഉത്തരവുകളൊന്നും സൂക്ഷിച്ചിട്ടില്ല.

(എഫ്&ജി) പുതിയ മേൽപ്പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും രൂപകല്പന റോഡപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും റെയിൽവേ ഉദ്യോഗസ്ഥരുടെയും ഒരു യോഗം 22-6-2015-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചുചേർക്കുകയും ബന്ധപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി :

1. സ്ഥലവാസികൾക്ക് യാത്രയ്ക്ക് അസൗകര്യമുണ്ടാകാത്തവിധത്തിൽ, പാലത്തിലേയ്ക്കുള്ള എല്ലാ സമീപ റോഡുകളും പൂർത്തിയാക്കുന്നതിന് തത്വത്തിൽ റെയിൽവേ സമ്മതിച്ചിട്ടുണ്ട്.

2. സ്ഥല ജനപ്രതിനിധികൾ (എം.എൽ.എ. & എം.പി.) അവരുടെ ആസ്തി വികസന ഫണ്ടിൽനിന്നും പഴയ പാലത്തിന്റെ സ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പാലത്തിനാവശ്യമായ നിർമ്മാണത്തിനുള്ള തുക നൽകുന്നതാണ്.

പുതിയതായി നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന് വടക്ക് വശത്ത് അപകടരഹിതമായ സംവിധാനം രൂപപ്പെടുത്തുവാനുള്ള അവശ്യ നടപടികൾ കൈക്കൊള്ളുവാനും ആയതിന് ഒരു വ്യക്തത വരുന്നതുവരെ നിലവിലുള്ള മേൽപ്പാലം പൊളിച്ചുനീക്കരുതെന്നും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൽപ്പറ്റ മണ്ഡലത്തിലെ മണിയങ്കോട് റോഡ്

238 (5323) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മണിയങ്കോട് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നന്നാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly